ഉത്തരം

(എ) 3642.53 കോടി രൂപ. സംസ്ഥാനത്ത് സഹകരണ അപ്പെക്സ് സംഘങ്ങൾക്ക് നല്കിയ വായ്പകൾ ഒഴികെ 24 സ്ഥാപനങ്ങൾക്ക് ഒരു കോടി രൂപയ്ക്ക് മുകളിൽ വായ്പ നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേര് വിവരം അനുബന്ധം 1-ആയി ചേർത്തിട്ടുണ്ട്.†

(ബി) മറ്റ് ധനകാര്യ സ്ഥാപനങ്ങൾ നൽകിയ വായ്പകൾ ടേക് ഓവർ ചെയ്തിട്ടുള്ളതിന്റെ വിശദാംശം അനുബന്ധം-2 ആയി ചേർത്തിട്ടുണ്ട്. †

(സി) വിവരം അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്. †

ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലാർക്ക്-കാഷ്യർ തസ്തികകളിലേക്ക് നിയമനം

140 [1402] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ ക്ലാർക്ക്-കാഷ്യർ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് വേണ്ടി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2001 സെപ്തംബർ മാസം 18-ാം തീയതി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര പേരെ നാളിതുവരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇനി എത്ര ഒഴിവുകളാണ് പ്രസ്തുത തസ്തികകളിൽ നിലവിലുള്ളത്; നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 908 പേരെ നിയമിച്ചിട്ടുണ്ട്.

(സി) കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാ സഹകരണ ബാങ്കുകളിലായി മൊത്തം 133 ക്ലാർക്ക്-കാഷ്യർ തസ്തികകൾ ഒഴിവുണ്ട്. ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായി ബാങ്കുകൾ അറിയിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly